(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.3/2071/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം, തീയതി. 03.12.2016,

ഇമെയിൽ - lfadtvm@yahoo.in,

വെബ് - www.lfa.kerala.gov.in,

ഫോൺ - 04712331231

ഡെപ്യൂട്ടി ഡയറക്ടർ,

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

കരുംകുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കരുംകുളം ഗ്രാമപഞ്ചായത്ത് - 2015-16സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരുംകുളം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദി കളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.
ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേ ണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

**വിശ്വസ്തതയോടെ,**

ഒപ്പ്.

**ഡെപ്യൂട്ടി ഡയറക്ടർ,**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.**

**പകർപ്പ് :**

1)സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം),

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,

3)കാര്യാലയ പകർപ്പ്,

**നം.കെ.എസ്.എ.റ്റി.വി.എം/ജി.പി.3/2071/2016** **തീയതി: 03.12.2016.**

**തിരുവനന്തപുരം ജില്ലയിലെ കരുംകുളം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

*(1994-*ലെ കേരളാ പഞ്ചായത്ത് രാജ് നിയമം-വകുപ്പ് *215(4), 1994-*ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം-വകുപ്പ് *13, 1996*ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം *18* എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്*.)*

തിരുവനന്തപുരം ജില്ലയിലെ കരുംകുളം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.07.2016 തീയതി മുതൽ 04.11.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധനാ വിധേയമാക്കി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നില നിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/രേഖകൾ/വിവരങ്ങൾ/ വിശദീകരണം കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള പെർഫോമൻസ് ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയ വിവരങ്ങൾ/ഓഡിറ്റ് റിപ്പോർട്ട് /ഗ്രാമപഞ്ചായത്തിൻെറ തീരുമാനം എന്നിവയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ എസ്.ജമാലുദ്ദീൻ,ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 05.11.2016 മുതൽ 14.11.2016വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ : ശ്രീ.ഗോപകുമാർ ബി., ഓഡിറ്റ് ഓഫീസർ,
: ശ്രീ.ജസ്റ്റിൻ രാജ് എഫ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

: ശ്രീമതി.ബിന്ദുലത ബി.പി. സീനിയർ ഗ്രേഡ് ഓഡിറ്റർ

: ശ്രീ.ഷെർലൊക്ക് ഡാനി.ഡി.എൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ

**(ബി) നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് :<br>സെക്രട്ടറി : | ശ്രീമതി.അൽബീന റോബിൻസൺ<br>ശ്രീ.ഹെസ്റ്റിൻ ജി<br>ശ്രീമതി.രാധാമണി തങ്കം<br>ശ്രീമതി. മേരി ഇനിഗോ | 1/04/2015മുതൽ 30/10/2015വരെ<br>18/11/2015മുതൽ 31/03/2016വരെ<br>01/04/2015മുതൽ 23/07/2015വരെ<br>24/07/2015മുതൽ 31/03/2016വരെ |

**നിർവ്വഹണഉദ്യോസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.സുനിത.വി.എസ് | 01/04/2015 മുതൽ 31/03/2016 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ശ്രീദേവി | 01/04/2015മുതൽ 31/03/2016വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.അഭിലാഷ് | 01/04/2015മുതൽ 31/03/2016വരെ |
| ഐ.സി.ഡി. എസ്. സൂപ്പർവൈസർ | ശ്രീമതി.സിന്ധു | 01/04/2015 മുതൽ 31/03/2016 വരെ |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി | ഡോ.സദാശിവൻ | 01/04/2015മുതൽ 31/03/2016വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.സുബൈർ | 01/04/2015മുതൽ 08/05/2015വരെ |
| | ഡോ.ജയനാരായണൻ | 09/05/2015 മുതൽ 31/03/2016വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി.ഗിരിജാ കുമാരി | 01/04/2015മുതൽ 31/03/2016വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.കല്യാണികുട്ടി | 01/04/2015മുതൽ 31/03/2016വരെ |
| വെറ്റിനറി സർജൻ | ഡോ.ബിജേഷ് | 01/04/2015മുതൽ 31/03/2016വരെ |

**<u>ഉള്ളടക്കം</u>**


| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം - 2 | | |
| 12 | സി.ബി.എസ്.ഇ. സ്കൂളുകൾ മിനിമം വേതനം നൽകുന്നില്ല – തൊഴിൽ നികുതിയിൽ കുറവ് | 2-1 | |
| 13 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | 2-2 | |
| | ഭാഗം - 3 | | |
| 14 | തീരദേശ വികസന കോർപ്പറേഷന് റോഡ് നിർമ്മിക്കുവാൻ അനുമതി നൽകിയ സ്ഥലത്ത് തണൽ ഷെഡ് നിർമ്മാണം നടത്തിയതും അത് പൊളിച്ചു മാറ്റിയതും- നഷ്ടം 4,71,698/-രൂപ | 3-1 | |
| 15 | മത്സ്യലേലത്തിൽ പങ്കെടുക്കുന്ന വനിതകൾക്ക് റിവോൾവിംഗ് ഫണ്ട് | 3-2 | |
| 16 | വികലാംഗർക്ക് ട്രൈസ്കൂട്ടർ - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല | 3-3 | |
| 17 | പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി സബ്സിഡി അനുവദിച്ചു. 50,000/- രൂപ തടഞ്ഞുവയ്ക്കുന്നു. | 3-4 | |

| | | | |
|---|---|---|---|
| 18 | ഫർണിച്ചർ വാങ്ങിയപ്പോൾ ഗുണനിലവാരം ഉറപ്പാക്കിയില്ല | 3-5 | |
| 19 | ആശ്രയ പദ്ധതി - കട്ടിൽ വിതരണം ചെയ്തതിനു രേഖകളില്ല | 3-6 | |
| 20 | തുക നൽകി ഒരു വർഷമായിട്ടും മരുന്ന് ലഭിച്ചിട്ടില്ല | 3-7 | |
| 21 | പുതിയതുറ ഫിഷ് ലാന്റിംഗ് സെന്റർ - പ്രവർത്തനം ഇതുവരെ ആരംഭിച്ചിട്ടില്ല – പഞ്ചായത്തിനു വരുമാനനഷ്ടം. | 3-8 | |
| 22 | തൊഴിൽ രഹിതവേതനം പ്രായപരിധി കഴിഞ്ഞവർക്കും നൽകി. തുക തിരികെ ഈടാക്കണം - 3600 രൂപ | 3-9 | |
| 23 | കാലിതൊഴുത്ത് നിർമ്മാണത്തിന് സബ്സിഡി നൽകിയതിലെ അപാകതകൾ. | 3-10 | |
| 24 | പത്രപരസ്യങ്ങൾ നൽകുന്നത് - കിഴിവ് വാങ്ങുന്നില്ല | 3-11 | |
| 25 | കൃഷി ഓഫീസറുടെ വാങ്ങലുകൾ - സ്റ്റോക്ക് വിവരം ശരിയായി രേഖപ്പെടുത്തുന്നില്ല | 3-12 | |
| 26 | സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കിയത് വേനൽക്കാലത്ത് - പദ്ധതി പരാജയം | 3-13 | |
| 27 | വൗച്ചറുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ | 3-14 | |
| 28 | വിവിധ ക്ഷേമപെൻഷനുകൾ അനുവദിയ്ക്കുന്നത്- നടപടിക്രമങ്ങൾ പാലിയ്ക്കുന്നില്ല | 3-15 | |
| 29 | പഞ്ചായത്ത് വാഹനം പൊതുമേഖലാ സ്ഥാപനത്തിൽ ഇൻഷ്വർ ചെയ്തു - സർക്കാരിന് നഷ്ടം 12,380/- രൂപ | 3-16 | |
| 30 | വാഹന പരിപാലനം - വീഴ്ചകളും ക്രമക്കേടുകളും | 3-17 | |
| 31 | പഞ്ചായത്ത് കിണറിൽ ഓയിൽ കലർന്നതിനെ തുടർന്ന് ശുദ്ധീകരിച്ചത് - അന്വേഷണം നടത്തിയിട്ടില്ല – ചെലവ് 9,842/- രൂപ | 3-18 | |
| 32 | രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ | 3-19 | |
| | ഭാഗം - 4 | | |
| 33 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 34 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 36 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 37 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 38 | ഓഡിറ്റ് റിക്കവറി | 4-6 | |
| 39 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 41 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |


# ഭാഗം -1

# പൊതു അവലോകനം

# പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 ലെ ബജറ്റ് പാസ്സാക്കിയ നം./തീയതി തീരുമാനം 3/03.03.2016

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 30.06.2016 | 02.07.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് : 1,92,52,358/-

വരവ് : 5,72,76,027/-

ആകെ : 7,65,28,385/-

ചെലവ് : 6,19,34,582/-

നീക്കിയിരിപ്പ് : 1,45,93,804/-

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശത മാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 4866370 | 17233712 | 502428 | 22602510 | 22602510 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 892500 | 1404798 | -267500 | 2297298 | 2297298 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 736343 | 992948 | - | 10665791 | 10665791 | 0 | 100 |
| സംരക്ഷണ | 925253 | 3573572 | - | 4498825 | 4498825 | 0 | 100 |

| | | | | | | | |
|---|---|---|---|---|---|---|---|
| ഗ്രാന്റ് നോൺറോഡ് | | | | | | | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1477790 | 7368106 | -191372 | 8845896 | 8845896 | 0 | 100 |
| എം.എൻ.ആർ. ഇ.ജി.എസ്. * | 60991 | 16005913 | - | 16066904 | 16064720 | 2184 | 100 |
| ബി ഫണ്ട് | - | 21255945 | - | 21255945 | 21255945 | - | 100 |
| കെ.എൽ. ജി. എസ്.ഡി.പി. | 1327264 | 0 | -43556 | 1283708 | 1283708 | 0 | 100 |
| ഐ.സി.ഡി.എസ്. | 0 | 505501 | - | 505501 | 505501 | 0 | 100 |
| ശുചിത്വമിഷൻ | 0 | 1200000 | - | 1200000 | 1200000 | 0 | 0 |
| സാക്ഷരത | 37080 | 58000 | - | 95080 | 58000 | 37080 | 61 |
| സോളിഡ് വേസ്റ്റ് മാനേജ്മെന്റ് | 1173592 | 0 | - | 1173592 | 0 | 1173592 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 7065232 | 8529271 | - | 15594503 | 3886380 | 11708123 | 25 |

* എം.എൻ.ആർ.ഇ.ജി.എസ് പദ്ധതിയുടെ 2015-16 ലെ ഇ.എഫ്.എം.എസ്. വരവ് 1,55,83,636/- രൂപയാണ്. വാർഷിക ധനകാര്യ പത്രികയിൽ 4,33,000/- രൂപ അധികരിച്ച തുകയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 147 | 60695287 | 124 | 52180081 | - | 23 | 84.35 |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | | | | |
| തൊഴിൽ നികുതി | 637060 | 607323 | -29737 | |
| കെട്ടിട നികുതി | 1608684 | 1288161 | -320523 | |
| വിനോദ നികുതി | 6596 | 14205 | 7609 | |
| പരസ്യ നികുതി | - | - | - | |
| നികുതിയേതര വരവുകൾ | | | | |
| ലേലം | - | - | - | |
| ഡി & ഒ ലൈസൻസ് | 35100 | 27800 | -7300 | |
| മറ്റുവരവുകൾ | 9068616 | 13201643 | 4133027 | |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 441480 | 279 |
| കർഷകതൊഴിലാളി പെൻഷൻ | 3378060 | 489 |
| വിധവാപെൻഷൻ | 6303520 | 700 |
| വാർദ്ധക്യകാലപെൻഷൻ | 6825540 | 1423 |
| വികലാംഗപെൻഷൻ | 4083825 | 444 |

| | | |
|---|---|---|
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | - | - |
| 50 വയസിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 223520 | 24 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05-11-2016 ന് 10.30AM ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11,899/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്ത് മതിയായ ആസൂത്രണമില്ലാതെയാണ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നത്. ഉദാഹരണത്തിന് 2014-15 ലെ പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിയ തണൽ ഷെഡ് പൂർത്തിയായ ഉടൻ തന്നെ തീരദേശ റോഡിനായി പൊളിച്ചു മാറ്റേണ്ടി വന്നു. അതുപോലെ 2013 ൽ തീരദേശവികസന കോർപ്പറേഷൻ പഞ്ചായത്തിന് കൈമാറിയ ഫിഷ് ലാന്റിംഗ് സെന്റർ നാളിതുവരെയായിട്ടും പ്രവർത്തനമാരംഭിച്ചിട്ടില്ല.

റിവോൾവിംഗ് ഫണ്ട് നൽകുന്ന പദ്ധതികളിൽ പദ്ധതി തുകയുടെ കാലാകാല ങ്ങളിലുള്ള തിരിച്ചടവ് കൂടി ഉറപ്പുവരുത്തുവാൻ ബന്ധപ്പെട്ട നിർവഹണാധികാരി, മോണിട്ടറിംഗ് സമിതി അംഗങ്ങൾ എന്നിവർ ശ്രദ്ധിക്കേണ്ടതാണ്.

ഭവനനിർമ്മാണത്തിനുള്ള ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളിൽ എല്ലാവരും ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ഇനിയും പൂർത്തിയാക്കാനുള്ള ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തീകരിക്കേണ്ടതുമാണ്.

ആശ്രയ, വസ്തു വാങ്ങൽ, ഭവന പുനരുദ്ധാരണം, ഓട്ടോറിക്ഷാ വാങ്ങൽ- എസ്.സി.തുടങ്ങിയ പദ്ധതികളുടെ നിർവഹണാധികാരി അംഗീകൃത പ്രോജക്ട്, ഗുണഭോക്താക്കളുടെ അപേക്ഷകൾ, അനുബന്ധ രേഖകൾ എന്നിവ വളരെ അലക്ഷ്യമായാണ് കൈകാര്യം ചെയ്തിട്ടുള്ളത്. ഭാവിയിൽ ചെലവ് രേഖകൾ കുറ്റമറ്റ രീതിയിൽ സൂക്ഷിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19/10/2016 | 01.09.2016മുതൽ 30.09.2016 വരെ | ലഭിച്ചില്ല |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.02.2014 | 2008-09 മുതൽ 2012-13 വരെ | 14.05.2014 |

# ഭാഗം -2
# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സി.ബി.എസ്.ഇ. സ്കൂളുകൾ മിനിമം വേതനം നൽകുന്നില്ല – തൊഴിൽ നികുതിയിൽ കുറവ്

ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയുടെ 14.09.2012ലെ WPC No.32928/11 ഉത്തരവനുസരിച്ച് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ.സ്കൂൾ അധ്യാപകർക്ക് മിനിമം 10,000/- രൂപ പ്രതിമാസ വേതനം നൽകേണ്ടതാണ്. 1997ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 14,16 എന്നിവ പ്രകാരം തൊഴിലുടമ ജീവനക്കാരുടെ വരുമാനം കാണിക്കുന്ന പത്രിക ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേ ണ്ടതാണ്. എന്നാൽ താഴെപറയുന്ന സ്കൂൾ സമർപ്പിച്ച പത്രിക പരിശോധിച്ചതിൽ നിന്നും ഹൈക്കോടതി നിർദ്ദേശം പാലിക്കാതെ വളരെ കുറഞ്ഞ പ്രതിമാസ വേതനമാണ് അധ്യാപകർക്ക് നൽകുന്നതെന്ന് വ്യക്തമാകുന്നു. 10,000/- രൂപ പ്രതിമാസ വേതനം നൽകിയിരുന്നുവെങ്കിൽ, ആയതനുസരിച്ച് 600/-രൂപ അർദ്ധവാർഷിക തൊഴിൽ നികുതി ലഭിക്കുമായിരുന്നു. വിശദവിവരം താഴെ.

ഒന്നാം അർദ്ധവർഷം

മഹാത്മാ സെൻട്രൽ സ്കൂൾ, പുതിയതുറ

| ക്രമനം | പേര് | 6 മാസം നൽകിയ വേതനം | ഹൈക്കോടതി നിശ്ചയിച്ച തുകയുമായുള്ള വ്യത്യാസം | ഈടാക്കിയ തൊഴിൽ നികുതി | തൊഴിൽ നികുതി ഇനത്തിൽ അധികം ലഭിക്കുമായിരുന്ന തുക (600-ഈടാക്കിയ നികുതി) |
|---|---|---|---|---|---|
| 1 | സിന്ധു.ജെ | 26600 | 33400 | 180 | 420 |
| 2 | ജെയ്നി.എ | 24800 | 35200 | 180 | 420 |
| 3 | മേരിസ്റ്റെല്ല.പി | 24800 | 35200 | 180 | 420 |
| 4 | മിനി.റ്റി | 24800 | 35200 | 180 | 420 |
| 5 | റീന രാജ് | 23600 | 36400 | 180 | 420 |

| | | | | | |
|---|---|---|---|---|---|
| 6 | ലൂറ.ജെ | 23600 | 36400 | 180 | 420 |
| 7 | ജനി.ജെ | 23200 | 36800 | 180 | 420 |
| 8 | രാജി.വി.കെ | 23200 | 36800 | 180 | 420 |
| 9 | ശോഭ.എസ് | 23200 | 36800 | 180 | 420 |
| 10 | ഷെർളി ജോയി | 23200 | 36800 | 180 | 420 |

<u>രണ്ടാം അർദ്ധവർഷം</u>

മഹാത്മാ സെൻട്രൽ  സ്കൂൾ, പുതിയതുറ

| ക്രമ നം | പേര് | 6 മാസം നൽകിയ വേതനം | ഹൈക്കോടതി നിശ്ചയിച്ച തുകയുമായുള്ള വ്യത്യാസം | ഈടാക്കിയ തൊഴിൽ നികുതി | തൊഴിൽ നികുതി ഇനത്തിൽ അധികം ലഭിക്കുമായിരുന്ന തുക (600- ഈടാക്കിയ നികുതി) |
|---|---|---|---|---|---|
| 1 | സിന്ധു.ജെ | 26600 | 33400 | 180 | 420 |
| 2 | ജെയ്നി.എ | 24800 | 35200 | 180 | 420 |
| 3 | മേരിസ്റ്റെല്ല.പി | 24800 | 35200 | 180 | 420 |
| 4 | മിനി.റ്റി | 24800 | 35200 | 180 | 420 |
| 5 | റീന രാജ് | 23600 | 36400 | 180 | 420 |
| 6 | ലൂറ.ജെ | 23600 | 36400 | 180 | 420 |
| 7 | ജനി.ജെ | 23200 | 36800 | 180 | 420 |
| 8 | രാജി.വി.കെ | 23200 | 36800 | 180 | 420 |
| 9 | ശോഭ.എസ് | 23200 | 36800 | 180 | 420 |
| 10 | ഷെർളി ജോയി | 23200 | 36800 | 180 | 420 |

മേൽ അപാകത ചൂണ്ടിക്കാണിച്ചു് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3/2016 തീയതി.05.11.16) മറുപടി ലഭ്യമാക്കിയില്ല. ഈ ഓഡിറ്റ് പരാമർശത്തിന്റെ പകർപ്പ് തൊഴിലുടമയ്ക്ക് അയച്ചു കൊടുക്കേണ്ടതും, നികുതി ഇനത്തിൽ ലഭിക്കേണ്ടിയിരുന്ന 4200 + 4200 = 8400/-രൂപ ഈടാക്കേണ്ടതുമാണ്. മിനിമം വേതനം നൽകാതിരുന്ന വിഷയം സർക്കാരിന്റെ ശ്രദ്ധയിലേക്ക് റഫർ ചെയ്യുന്നു.

## 2-2 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

പഞ്ചായത്തിലെ തൊഴിൽ നികുതി സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന ജീവനക്കാരിൽ നിന്നും നിയമപ്രകാരം ഈടാക്കേണ്ട തൊഴിൽ നികുതി ഈടാക്കിയിട്ടില്ലായെന്ന് കാണുന്നു.

ഒന്നാം അർദ്ധവർഷം

| പേര്, തസ്തിക, സ്ഥാപനം | വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | നഷ്ടം |
|---|---|---|---|---|
| കെ.ജി.പ്രസാദ്, പി.റ്റി.എസ്., ഡി.സി.ബി. പരണിയം | 118044 | 1000 | 750 | 250 |
| രാധ, പി.റ്റി.എസ്., ഇന്ത്യൻ ബാങ്ക് | 89622 | 750 | 450 | 300 |

രണ്ടാം അർദ്ധവർഷം

| പേര്, തസ്തിക, സ്ഥാപനം | വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | നഷ്ടം |
|---|---|---|---|---|
| കെ.ജി. പ്രസാദ്, പി.റ്റി.എസ്., ഡി.സി.ബി. പരണിയം | 118044 | 1000 | 750 | 250 |
| അലക്സ് ഡിക്രൂസ്, എൽ.ഡി.സി., ലിയോ 13 എച്ച്.എസ്. പുല്ലുവിള | 129867 | 1250 | 1000 | 250 |

**ആകെ നഷ്ടം = 1050/-രൂപ**

മേൽ അപാകതയ്ക്കുള്ള വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.2/2016 തീയതി 05.11.2016) മറുപടി നൽകിയില്ല. തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്ന തുക മേൽ സൂചിപ്പിച്ച ജീവനക്കാരിൽ നിന്നും ഈടാക്കി രേഖകൾ ലഭ്യമാക്കാത്ത പക്ഷം സെക്രട്ടറിയുടെ ബാധ്യതയാകുന്നതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക

ഭാഗം]

<u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 3-1 തീരദേശ വികസന കോർപ്പറേഷന് റോഡ് നിർമ്മിക്കുവാൻ അനുമതി നൽകിയ സ്ഥലത്ത് തണൽ ഷെഡ് നിർമ്മാണം നടത്തിയതും അത് പൊളിച്ചു മാറ്റിയതും - നഷ്ടം 4,71,698/-രൂപ

പ്രോജക്ട് നം. - എസ് 0099/15 തണൽ ഷെഡ് നിർമ്മാണം വാർഡ് 13

അടങ്കൽ തുക - 5,00,000/- (ധനകാര്യ കമ്മിഷൻ ഗ്രാന്റ്)

നിർവഹണാധികാരി - അസിസ്റ്റന്റ് എഞ്ചിനീയർ

ചെലവ് തുക - 4,71,698രൂപ

കൺവീനർക്ക് നൽകിയ തുക - 4,71,698രൂപ (ഡിഡി നം.292214/23.2.15)

22.11.12തീയതിയിൽ നടന്ന മീറ്റിംഗിലെ VI(19) -ാം നമ്പർ തീരുമാനം പ്രകാരം കരുംകുളം ഗ്രാമപഞ്ചായത്ത്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന് പഞ്ചായത്തിൽ തീരദേശ റോഡ്, പ്ലേഗ്രൗണ്ട്, നെറ്റ് മെന്റിംഗ് യാർഡ്, കോമൺ ഫെസിലിറ്റി സെന്റർ എന്നിവ നിർമ്മിക്കുന്നതിന് അനുമതി നൽകുകയുണ്ടായി.

GO(Rt) 745/13/F&PD dated 13.09.2013 പ്രകാരം കേരള സർക്കാർ പുല്ലുവിള- കരുംകുളം റോഡിന് ഭരണാനുമതി നൽകുകയുണ്ടായി. KSADC മുഖേന നിർമ്മിക്കുന്ന പ്രസ്തുത റോഡിന്റെ ആകെ ചെലവ് കണക്കാക്കിയിരിക്കുന്നത് 585 ലക്ഷം രൂപയാണ്. KSADC 19.01.2013-ൽ തയ്യാറാക്കിയ പുല്ലുവിള– കരുംകുളം റോഡ് പ്ലാൻ ഗ്രാമപഞ്ചായ ത്തിന്റെ 17.05.2014-ൽ നടന്ന മീറ്റിംഗിലെ 3(6)-ാം നമ്പർ തീരുമാനം പ്രകാരം പഞ്ചായത്ത് അംഗീകരിച്ചു നൽകി.

കരുംകുളം ഗ്രാമപഞ്ചായത്ത് അതിന്റെ 10.07.2014 ൽ ചേർന്ന മീറ്റിംഗിൽ പഞ്ചായത്തിന്റെ 2014-15 വർഷത്തെ പദ്ധതികൾ അംഗീകരിച്ചപ്പോൾ 99-ാം നമ്പർ ഐറ്റമായി വാർഡ് 13 ൽ 5 ലക്ഷം രൂപയ്ക്ക് തണൽ ഷെഡ് നിർമ്മിക്കുവാൻ അംഗീകാരം നൽകി. ഇതു പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുകയും ഗുണഭോക്തൃസമിതി മുഖാന്തിരം ശ്രീ. സിൽവ കുരിശ് കൺവീനറായി പ്രസ്തുത പണി പൂർത്തിയാക്കുകയും ഉണ്ടായി. ഇതിന്റെ ആകെ ചെലവ് 4,71,698/- രൂപയാണ്. കൺവീനർക്ക് നൽകിയ തുക 4,71,698/- രൂപയാണ് (ഡിഡി നം.292214 തീയതി 23.02.2015).

എന്നാൽ പ്രസ്തുത തണൽ ഷെഡ് KSADC നിർമ്മിക്കുന്ന പുല്ലുവിള – കരുംകുളം റോഡിൽ തടസ്സമായി നിൽക്കുന്നതിനാൽ അത് പൊളിച്ചു മാറ്റുന്നതിനായുള്ള അനുമതിക്കായി ബഹുമാനപ്പെട്ട തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി യോട് അഭ്യർത്ഥിക്കുവാൻ പഞ്ചായത്തു കമ്മിറ്റി അതിന്റെ 21.04.2015-ൽ ചേർന്ന 7(6)-ാം നമ്പർ തീരുമാനം കൈക്കൊള്ളുകയും (സൂചന(7)) പ്രസ്തുത തണൽ ഷെഡ് പൊളിച്ചു മാറ്റുകയും ചെയ്യുകയുണ്ടായി. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് പൊളിച്ചു മാറ്റിയ ഷെഡിനു പകരമായി പുതിയ ഷെഡ് നിർമ്മിച്ചതായി മറുപടി നൽകി.

തീരദേശ റോഡിന്റെ പ്ലാൻ പഞ്ചായത്ത് അതിന്റെ 17.05.2014-ൽ നടന്ന മീറ്റിംഗിൽ അംഗീകരിച്ചിരിക്കെ ടി റോഡിന്റെ സ്ഥലത്തുകൂടി വേണ്ടത്ര പ്ലാനിംഗ് ഇല്ലാതെ തണൽ ഷെഡ് നിർമ്മിക്കുവാൻ അനുമതി നൽകിയതും, ആയത് നിർമ്മിച്ചതും ഗുരുതരമായ വീഴ്ചയാണ്. ഇതിൽ പഞ്ചായത്തിനു അനാവശ്യമായതും ഒഴിവാക്കാൻ പറ്റുമായിരുന്നതുമായ ചെലവാണ് ഉണ്ടായിട്ടുള്ളത്. ഈയിനത്തിൽ ആകെ ചെലവായ തുക 4,71,698/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. പ്രസ്തുത തുക റോഡ് തണൽ ഷെഡ് നിർമ്മാണത്തിനുള്ള അനുമതി നൽകിയ 10.07.2014ലെ കമ്മിറ്റിയുടെ ബാധ്യതയാകുന്നതാണ്.

## 3-2 മത്സ്യലേലത്തിൽ പങ്കെടുക്കുന്ന വനിതകൾക്ക് റിവോൾവിംഗ് ഫണ്ട്

മത്സ്യലേലത്തിൽ പങ്കെടുക്കുന്ന അംഗങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് വിതരണം ചെയ്യുന്നതിനായി സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് രണ്ട് പദ്ധതികൾ നടപ്പിലാക്കി. വിശദവിവരം ചുവടെ.

എ) പ്രോജക്ട് നം. - എസ് 0116/16 മത്സ്യ സഹകരണ സംഘങ്ങളിലെ ലേലത്തിൽ പങ്കെടുക്കുന്ന അംഗങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് - വനിത

ചെലവ് തുക – 8,37,000/-
ബിൽ നം. – 19/15-16 തീയതി 18.03.16
ഗുണഭോക്താക്കളുടെ എണ്ണം - 279

ബി)പ്രോജക്ട് നം. - എസ് 0054/16 മത്സ്യ സഹകരണ സംഘങ്ങളിലെ ലേലത്തിൽ പങ്കെടുക്കുന്ന അംഗങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് -വനിത

ചെലവ് തുക – 1,65,000/-

ബിൽ നം. - 03/15-16 തീയതി 22.08.15 - 57,000/-

22/15-16 തീയതി 18.03.16 – 1,08,000/-

ഗുണഭോക്താക്കളുടെ എണ്ണം - 55

പദ്ധതികൾ പ്രകാരം ആകെ 334 ഗുണഭോക്താക്കൾക്ക് 3,000/- രൂപ വച്ച് വിതരണം ചെയ്യുന്നതിനായി 8 മത്സ്യസഹകരണ സംഘങ്ങൾക്ക് നൽകി. സ.ഉ.(എം.എസ്)362/13തസ്വഭവ തീയതി 16.11.13 പ്രകാരം മത്സ്യതൊഴിലാളി ക്ഷേമനിധി അംഗത്വമുള്ളവർക്കാണ് പദ്ധതിയുടെ ആനുകൂല്യത്തിനർഹത. എന്നാൽ ഗുണഭോക്താക്കളിൽ ഭൂരിഭാഗവും നേരിട്ട് മത്സ്യ തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമില്ലാത്ത വരാണ്. സർക്കാർ മാർഗരേഖയിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. ഗൃഹനാഥന്റെ ക്ഷേമനിധി അംഗത്വത്തിന്റെ അടിസ്ഥാനത്തിലാണ് ഇവർക്ക് ആനുകൂല്യം അനുവദിച്ചിരിക്കുന്നത്.

പദ്ധതി തുക ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതായും, തുകയ്ക്ക് പലിശ ഈടാക്കുന്നതല്ലായെന്നും സംഘങ്ങൾ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പദ്ധതി തുക ഗുണഭോക്താക്കൾ കൈപ്പറ്റിയതിനുള്ള ഒപ്പ് രേഖപ്പെടുത്തിയ സ്റ്റേറ്റ്മെന്റ്, തുക തിരികെ ഒടുക്കിയത് സംബന്ധിച്ച രേഖകൾ എന്നിവ ലഭ്യമാക്കിയില്ല. പദ്ധതി സംബന്ധിച്ച മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ടിലും തുക ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതായി മാത്രമാണ് സരേഖപ്പെടുത്തിയിട്ടുള്ളത്. പദ്ധതി തുകയുടെ തിരിച്ചൊടുക്ക് നിരീക്ഷിച്ചിട്ടില്ല.

മത്സ്യസഹകരണ സംഘങ്ങളിലെ ലേലത്തിൽ പങ്കെടുക്കുന്ന വനിതകൾക്ക് റിവോൾവിംഗ് ഫണ്ട് എന്ന പദ്ധതി ഗ്രാമപഞ്ചായത്ത് 2012-13 മുതൽ നടപ്പാക്കി വരുന്ന പദ്ധതിയാണ്. ഒരോ വർഷവും പദ്ധതി നിർവഹണത്തിനായി തുക മത്സ്യ സഹകരണ സംഘങ്ങൾക്ക് നൽകുകയാണ് ചെയ്തു വരുന്നത്. ഇപ്രകാരം നൽകുന്ന തുക വിതരണം ചെയ്തതായി ബന്ധപ്പെട്ട സംഘങ്ങൾ നൽകുന്ന കത്ത് മാത്രമാണ് തുക വിതരണം ചെയ്തതിനുള്ള ഏക തെളിവ്. തുകയുടെ തിരിച്ചടവ്, തുടർ വിതരണം എന്നിവ നാളിതുവരെ നിരീക്ഷിച്ചിട്ടില്ല.

2012-13 മുതൽ 2015-16 വരെയുള്ള കാലയളവിൽ റിവോൾവിംഗ് ഫണ്ട് വിതരണത്തിനായി വിവിധ സംഘങ്ങൾക്ക് 31,47,000/- രൂപ നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| മത്സ്യ സഹകരണ സംഘം | അനുവദിച്ച തുക | | | | ആകെ |
|---|---|---|---|---|---|
| | 2012-13 | 2013-14 | 2014-15 | 2015-16 | |
| പള്ളം മത്സ്യതൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം ക്ലിപ്തം നം. DF(T)6/92 | 33000 | 87000 | 60000 | 57000 | 237000 |

| | | | | | |
|---|---|---|---|---|---|
| കരുംകുളം മത്സ്യതൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം ക്ലിപ്തം നം. DF(T)3/92 | 54000 | 42000 | 78000 | 72000 | 246000 |
| പുല്ലുവിള - കൊച്ചുപള്ളി മത്സ്യതൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം ക്ലിപ്തം നം. F(T)190 | 9000 | 15000 | 6000 | 81000 | 111000 |
| പുല്ലുവിള മത്സ്യതൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം ക്ലിപ്തം നം. F(T)28 | 168000 | 339000 | 234000 | 291000 | 1032000 |
| കരുംകുളം വനിത മത്സ്യതൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം ക്ലിപ്തം നം. F(T)V178 | 21000 | 60000 | 6000 | 57000 | 144000 |
| കരുംകുളം മത്സ്യതൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം ക്ലിപ്തം നം. F(T)180 | 18000 | 18000 | 12000 | 51000 | 99000 |
| കൊച്ചുതുറ മത്സ്യതൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം ക്ലിപ്തം നം. DF(T)4/92 | 9000 | 45000 | 42000 | 72000 | 168000 |
| പുതിയതുറ മത്സ്യതൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം ക്ലിപ്തം നം. DF(T)5/92 | 168000 | 327000 | 294000 | 321000 | 1110000 |
| **ആകെ** | **480000** | **933000** | **732000** | **1002000** | **3147000** |

അതായത് 2015-16 സാമ്പത്തിക വർഷത്തിൽ മേൽ സംഘങ്ങളുടെ പക്കൽ ചുരുങ്ങിയത് 1049 ഗുണഭോക്താക്കൾക്ക് 3,000 /- രൂപ വച്ച് വായ്പ ലഭ്യമാക്കുന്നതിനുള്ള റിവോൾവിംഗ് ഫണ്ട് ലഭ്യമാണ്. ഇപ്രകാരം ഗുണഭോക്താക്കൾക്ക് പലിശ രഹിത വായ്പ നൽകിയതിനുള്ള രേഖകൾ, അവയുടെ തിരിച്ചടവ് രേഖകൾ എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/07.11.2016) രേഖകൾ ലഭ്യമാക്കുന്നതിന് സംഘങ്ങൾക്ക് അറിയിപ്പ് നൽകിയതായി മറുപടി നൽകി.

മത്സ്യ സഹകരണ സംഘങ്ങളിൽ നിന്നും രേഖകൾ ശേഖരിച്ച് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ബന്ധപ്പെട്ട സഹകരണ സംഘങ്ങളിൽ നിന്നും രേഖകൾ ലഭ്യമാക്കാത്ത പക്ഷം പദ്ധതി തുക തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്. കൈപ്പറ്റിയ റിവോൾവിംഗ് ഫണ്ട് തിരികെ ഒടുക്കുവാൻ ഏതെങ്കിലും ഗുണഭോക്താവ് വീഴ്ച വരുത്തിയിട്ടുള്ള പക്ഷം സംഘങ്ങൾ മുഖാന്തിരം പ്രസ്തുത തുക തിരികെ ഈടാക്കി സർക്കാരിലേക്ക് മുതൽകൂട്ടേണ്ടതാണ്.

## 3-3 വികലാംഗർക്ക് ട്രൈസ്കൂട്ടർ - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല

വികലാംഗർക്ക് ട്രൈസ്കൂട്ടർ വിതരണം ചെയ്യുന്നതിനായി സാമ്പത്തിക വർഷത്തിൽ 2 പദ്ധതികൾ നടപ്പാക്കുകയുണ്ടായി. വിശദവിവരം ചുവടെ.

1) പ്രോജക്ട് നം. - എസ്0017/16 - എസ്.സി. വികലാംഗർക്ക് ട്രൈസ്കൂട്ടർ.

ചെലവ് തുക - 66000 എസ്.സി.പി.

ബിൽ നം. - 7/ICDS/sup/2015-16 തീയതി 23.03.2016

ഗുണഭോക്താക്കളുടെ എണ്ണം - 1

2) പ്രോജക്ട് നം. - എസ്0018/16- വികലാംഗർക്ക് ട്രൈസ്കൂട്ടർ.

ചെലവ് തുക - 5,94,000/- ധനകാര്യ കമ്മിഷൻ അവാർഡ്

ബിൽ നം. - 6/ICDS/sup/2015-16 തീയതി 23.03.2016

ഗുണഭോക്താക്കളുടെ എണ്ണം - 9

പദ്ധതി പ്രകാരം 10 ഗുണഭോക്താക്കൾക്ക് ട്രൈസ്കൂട്ടർ ഒന്നിന് 66,000/- രൂപ നിരക്കിൽ കെൽട്രോണിൽ നിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പദ്ധതി നിർവഹണത്തിലെ അപാകതകൾ ചുവടെ.

എ) ഗുണഭോക്താവുമായി നിയമാനുസൃത കരാറിലേർപ്പെട്ടില്ല. വാഹനത്തിന്റെ സംരക്ഷണം, അറ്റകുറ്റപ്പണി, സുരക്ഷിത ഉപയോഗം എന്നിവ ഉറപ്പാക്കുന്നതിനും, കൈമാറ്റം ചെയ്യപ്പെടാതിരിക്കുന്നതിനുമായി ഗുണഭോക്താവുമായി കരാർ സ്ഥാപിക്കേണ്ടതായിരുന്നു.

ബി) വാഹനം കെൽട്രോണിൽ നിന്നുമാണ് വാങ്ങിയത്. ജി.ഒ.(പി) 3/2013 എസ്.പി.ഡി. തീയതി 21.06.2013 കേരള സ്റ്റോറ് പർച്ചേസ് മാന്വൽ 2013 ഖണ്ഡിക 9.22-9.24 പ്രകാരം സർക്കാർ സ്ഥാപനങ്ങളിൽ നിന്നും സാധനങ്ങൾ വാങ്ങുമ്പോൾ അത് സ്ഥാപനം ഉത്പാദിപ്പിച്ചതാണെന്ന് ഉറപ്പാക്കേണ്ടതാണ്. കൂടാതെ, സാധനം ഉൽപാദിപ്പിക്കുവാൻ ആരംഭിച്ച് 5 വർഷം വരെ മാത്രമേ ക്വട്ടേഷൻ/ടെണ്ടർ കൂടാതെ വാങ്ങാവൂ. കെൽട്രോൺ വാഹന നിർമ്മാതാവല്ലാ യെന്നിരിക്കേ ക്വട്ടേഷൻ/ടെണ്ടർ നടപടികൾ കൂടാതെ സ്ഥാപനത്തിൽ നിന്നും വാഹനം വാങ്ങിയതിന്റെ ഔചിത്യം വ്യക്തമല്ല.

10.06.2016തീയതിയിൽ കെൽട്രോൺ നിർവഹണാധികാരിയുമായി വച്ചിട്ടുള്ള കരാറിൽ വാഹനത്തിന്റെ ഗ്യാരന്റി ടി.വി.എസ് മോട്ടോഴ്സിന്റ വ്യവസ്ഥകളുടേതിനു സമാനമായിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രമുഖ വാഹന ഡീലർമാരിൽ നിന്നും ക്വട്ടേഷൻ/ടെണ്ടർ ക്ഷണിച്ചിരുന്നുവെങ്കിൽ കുറഞ്ഞ ചെലവിൽ പദ്ധതി നടപ്പാക്കാൻ കഴിയുമായിരുന്നു. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.8/9.11.16) നിർവഹണാധികാരി നൽകിയ മറുപടി തൃപ്തികരമല്ല. ഇത്തരം അപാകതകൾ ആവർത്തിക്കാവുന്നതല്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചു മാത്രം പദ്ധതികൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-4 പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി സബ്സിഡി അനുവദിച്ചു.50,000/- രൂപ തടഞ്ഞുവയ്ക്കുന്നു.

പ്രോജക്ട് നം. - എസ്019/16 (എസ്. സി. ഓട്ടോറിക്ഷാ വാങ്ങൽ)

അടങ്കൽ - 5,00,000/- (എസ്.സി.പി.)

ചെലവ് - 5,00,000/- (എസ്.സി.പി.)

ബിൽ നം. - എസ്. സി. ഓട്ടോ പർച്ചേസ് തീയതി 28.09.2015

നിർവഹണാധികാരി - വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ

ഗ്രാമപഞ്ചായത്ത് പട്ടിക ജാതിക്കാർക്ക് സ്വയം തൊഴിൽ സംരംഭം എന്ന നിലയിൽ ഓട്ടോറിക്ഷാ വാങ്ങുന്നതിനായി നടപ്പിലാക്കിയ ഈ പദ്ധതി പ്രകാരം പട്ടികജാതിക്കാരായ 10പേർക്ക് 50,000/- രൂപ വീതം സബ്സിഡിയായി ഇൻഡ്യൻ ബാങ്കിന്റെ പുല്ലുവിള ശാഖയിൽ നിന്ന് 30.09.2015-ന് ഡി.ഡി. യായി നൽകിയിട്ടുണ്ട്, ആയതിന്റെ അടിസ്ഥാനത്തിൽ 10 ഗുണഭോക്താക്കളും ഓട്ടോറിക്ഷാ വാങ്ങുകയും ചെയ്തിട്ടുണ്ട്.

16.11.2013 ലെ GO(MS) 362/2013തസ്വഭവ സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഡ്രൈവിംഗ് ലൈസൻസും ബാഡ്ജും ലഭിച്ചിട്ടുള്ളവർക്ക് മാത്രമേ സബ്സിഡി അനുവദിക്കാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഈ പദ്ധതി പ്രകാരം സബ്സിഡി അനുവദിച്ച ശ്രീ.വിഷ്ണു.ആർ, പൊഡുവൽ കോളനി എന്ന വ്യക്തിക്ക് ഈ പദ്ധതി പ്രകാരമുള്ള സബ്സിഡി തുക അനുവദിക്കുന്ന സമയത്ത്, അതായത് 15.10.2015 ന് (ട്രിയാൻ ഇൻഡ്യൻ ബാങ്ക് കരുംകുളം ബ്രാഞ്ചുമായി വായ്പ കരാർ ചമച്ചതീയതി) ഓട്ടോറിക്ഷാ ഓടിക്കുന്നതിനാവശ്യമായ ലൈറ്റ് മോട്ടോർ വെഹിക്കിൾ ലൈസൻസോ, ബാഡ്ജോ ഇല്ലായിരുന്നു.

ഈ അപാകതയ്ക്കുള്ള വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/16 തീയതി 09.11.2016) മറുപടിയായി ഹാജരാക്കിയ No.19/5699/2014 തീയതി 19.04.2016 നമ്പരായുള്ള ശ്രീ.വിഷ്ണു.ആർ-ന്റെ ഡ്രൈവിംഗ് ലൈസൻസിൽ 19.04.2016-ന് ആണ് ലൈസൻസും ബാഡ്ജും അനുവദിച്ചിരിക്കുന്നത്. ഇതനുസരിച്ച് പദ്ധതി പ്രകാരമുള്ള സബ്സിഡി ആനുകൂല്യം കൈപ്പറ്റി 5 മാസങ്ങൾക്ക് ശേഷമാണ് ടിയാൻ ലൈസൻസും ബാഡ്ജും എടുത്തിരിക്കുന്നത്. ഇത് പദ്ധതി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായതിനാൽ ഈ പദ്ധതിക്കായി ചെലവഴിച്ച 5,00,000/- രൂപയിൽ ശ്രീ.വിഷ്ണു.ആർ, പൊഡുവൽ കോളനി എന്ന വ്യക്തിക്ക് സബ്സിഡിയായി അനുവദിച്ച 50,000/- രൂപ ഓഡിറ്റിൽ തടഞ്ഞുവയ്ക്കുന്നു.

## 3-5 ഫർണിച്ചർ വാങ്ങിയപ്പോൾ ഗുണനിലവാരം ഉറപ്പാക്കിയില്ല

പ്രോജക്ട് നം. - 113/16 പുതിയതുറ JSACലൈബ്രറിക്ക് ഫർണിച്ചർ വാങ്ങൽ

നിർവഹണം - സെക്രട്ടറി

ആകെ അടങ്കൽ - 3,00,000/- (വികസന ഫണ്ട്)

ചെലവ് തുക - 2,99,978/- രൂപ (ഡിഡി നം.085121 തീയതി 06.04.2016)

വികസന ഫണ്ടിൽ നിന്നും 3,00,000/- രൂപ അടങ്കൽ നൽകിയ പദ്ധതി പ്രകാരം സിഡ്കോയിൽ നിന്നും 2,99,978/- രൂപയ്ക്ക് ഒരു ലൈബ്രറി റാക്കും (വില 1,72,000/-) 10 കസേരകളും (കസേരയുടെ വില8,500/- രൂപ) വാങ്ങുകയുണ്ടായി. പദ്ധതി ക്വട്ടേഷൻ/ ടെണ്ടർ കൂടാതെ വാങ്ങുവാൻ അനുവാദമുള്ള സർക്കാർ ഓട്ടോണമസ് സ്ഥാപനങ്ങളിൽ നിന്നും നേരിട്ട് വാങ്ങുന്നതിന് വിഭാവനം ചെയ്യുന്നു.

(1) ഇവിടെ സിഡ്കോയിൽ നിന്നാണ് പ്രസ്തുത ലൈബ്രറി റാക്കും കസേരകളും വാങ്ങിയിട്ടുള്ളത്. എന്നാൽ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്നതിനുള്ള മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല.

(2) വിലയുടെ യുക്തിഭദ്രത ഉറപ്പുവരുത്തിയിട്ടില്ല

(3) കൂടാതെ പ്രസ്തുത റാക്കിന്റെയും കസേരകളുടെയും തത്തുല്യമായ ഉൽപന്നത്തിന്റെ കമ്പോളവില കണക്കാക്കിയിട്ടില്ല.

(4) വിവിധ ഉറവിടങ്ങളിൽ നിന്നുള്ള മത്സരാധിഷ്ഠിത ഓഫറുകൾ സ്വീകരിച്ചിട്ടില്ല.

(5) കോസ്റ്റ് അനാലിസിസ് നടത്തിയിട്ടില്ല.

പ്രസ്തുത സ്ഥാപനം സന്ദർശിച്ചതിൽ 3 വലിയ ഷെൽഫും 2 ചെറിയ ഷെൽഫും 10കസേരകളും നൽകിയിട്ടുള്ളതായി കണ്ടു. എന്നാൽ ടി സാധനങ്ങൾക്ക് ബിൽ ചെയ്ത വിലയുടെ മൂല്യം, ഗുണനിലവാരം എന്നിവ ഉള്ളതായി കാണപ്പെട്ടില്ല. മാത്രമല്ല ഒരു കസേരയുടെ Arm rest ഇളകി മാറിയതായും കാണപ്പെട്ടു.

ഈ പദ്ധതി നിർവഹണം നടത്തിയതിലൂടെ പഞ്ചായത്തിന്റെ വികസനഫണ്ട് കൃത്യമായ മാനദണ്ഡങ്ങൾ പാലിക്കാതെ വിനിയോഗം ചെയ്തതായി കാണുന്നു. ഇതു സംബന്ധിച്ച് പഞ്ചായത്തിനു കൊടുത്ത ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ ടി റാക്കും കസേരകളും

റീപ്ലേസ് ചെയ്യുന്നതിന് സിഡ്കോയോട് ആവശ്യപ്പെടുന്നതാണെന്ന മറുപടിയാണ് നൽകിയത്. ഗുണനിലവാരം ഉറപ്പാക്കാതെ വാങ്ങിയിട്ടുള്ള സാധനത്തിന്റെ വിലയായ 2,99,978/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 ആശ്രയ പദ്ധതി - കട്ടിൽ വിതരണം ചെയ്തതിനു രേഖകളില്ല

ആശ്രയ ഗുണഭോക്താക്കൾക്കായി 2015-16 സാമ്പത്തിക വർഷത്തിൽ 5,84,443/- രൂപ ചെലവിൽ 99 കട്ടിലുകൾ സിഡ്കോയിൽ നിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. കട്ടിലിന്റെ വില 30317/19.02.2016 നമ്പർ ചെക്ക് പ്രകാരം സിഡ്കോയ്ക്ക് കൊടുത്തതായി ക്യാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സിഡ്കോയുടെ റസീപ്റ്റ് സൂക്ഷിച്ചിട്ടില്ല. കട്ടിലുകൾ ഗുണഭോക്താക്കൾ കൈപ്പറ്റിയതിനുള്ള രേഖകളും ഹാജരാക്കിയില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14/9.11.16) രേഖകൾ ഹാജരാക്കാമെന്ന് മറുപടി നൽകി. രേഖകളുടെ അഭാവത്തിൽ 5,84,443/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

99 കട്ടിലുകൾ വാങ്ങിയതിൽ ഗുണഭോക്താക്കൾ മരണപ്പെട്ടതിനെ തുടർന്ന് രണ്ടെണ്ണം വിതരണം ചെയ്യാതെ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ട്. അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി ഇവ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 തുക നൽകി ഒരു വർഷമായിട്ടും മരുന്ന് ലഭിച്ചിട്ടില്ല

2015-16 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് സി.എച്ച്.സി. ക്കായും പാലിയേറ്റീവ് കെയർ രോഗികൾക്കായും മരുന്ന് വാങ്ങുന്നതിന് തുക ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ.

എ) <u>പ്രോജക്ട് നം. - എസ് *0015/16* പാലിയേറ്റീവ് കെയർ</u>

ചെലവ് തുക - 4,00,000/- ധനകാര്യ കമ്മിഷൻ അവാർഡ്

ബിൽ നം. - 1/11.9.15 - 64,000

2/13.11.15 - 70000

4/11.12.15 - 126600

5/17.3.16 - 64500

6/30.3.16 - 74900

നിർവഹണാധികാരി - മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.

പദ്ധതി പ്രകാരം ഒരു ലക്ഷം രൂപ മരുന്ന് വാങ്ങുന്നതിനായി കെ.എം.എസ്.സി.എൽ-ന് ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ മുൻകൂർ ആയി അനുവദിച്ചു (റസീപ്റ്റ് നം.26478/27.2.16). തുക മുൻകൂറായി അനുവദിച്ചപ്പോൾ മരുന്ന് നിശ്ചിത സമയത്ത് ലഭിക്കുന്നതിനായി സ്ഥാപനവുമായി കരാറിലേർപ്പെട്ടില്ല. ഇതുവരെയായും (25.08.16 വരെ) 54,682 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.13/9.11.16) ടെലഫോൺ മുഖാന്തിരവും, ഇമെയിൽ സന്ദേശങ്ങൾ മുഖാന്തിരവും ആവശ്യപ്പെട്ടിട്ടും മരുന്ന് ലഭിച്ചിട്ടില്ലായെന്ന മറുപടിയാണ് ലഭിച്ചത്. ലഭിച്ചിട്ടില്ലാത്ത മരുന്നിന്റെ വിലയായ 45,318/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

ബി) പ്രോജക്ട് നം. - എസ് *00139/16* സി.എച്ച്.സി. പുല്ലുവിള – മരുന്ന് വാങ്ങൽ

ചെലവ് തുക - 3,00,000/- സംരക്ഷണ ഗ്രാന്റ് റോഡിതരം

ബിൽ നം. - 3/26.11.15 - 3,00,000/-

നിർവഹണാധികാരി - മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.

ജി.ഒ.(എം.എസ്)362/2013 തസ്വഭവ തീയതി 16.11.13 പ്രകാരം മരുന്ന് വാങ്ങൽ പദ്ധതികൾ നടപ്പിലാക്കുന്നതിനു മുൻപായി ജില്ലാ മെഡിക്കൽ ഓഫീസറുടെ മരുന്ന് ലഭ്യമല്ലായെന്ന സാക്ഷ്യപത്രം ലഭ്യമാക്കിയിരിക്കണം. എന്നാൽ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെ തന്നെ മരുന്ന് വാങ്ങുന്നതിന് പദ്ധതി തുക പിൻവലിച്ച് കെ.എം.എസ്.സി.എൽ-ന് മുൻകൂറായി നൽകി (റസീപ്റ്റ് നം. 25125/ 22.12.15). ഇൻവോയ്സ് പ്രകാരം തുക മുൻകൂറായി അനുവദിച്ചപ്പോൾ മരുന്ന് നിശ്ചിത സമയത്ത് ലഭിക്കുന്നതിനായി സ്ഥാപനവുമായി കരാറിലേർപ്പെട്ടില്ല. ഇതുവരെയായി (25.08.16 വരെ) 2,02,376/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.13/09.11.16) ടെലഫോൺ മുഖാന്തിരവും, ഇമെയിൽ സന്ദേശങ്ങൾ മുഖാന്തിരവും ആവശ്യപ്പെട്ടിട്ടും മരുന്ന് ലഭിച്ചിട്ടില്ലായെന്ന മറുപടിയാണ് ലഭിച്ചത്. ലഭിച്ചിട്ടില്ലാത്ത മരുന്നിന്റെ വിലയായ 97,624/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

മരുന്ന് വാങ്ങലിനായി ആരോഗ്യ വകുപ്പിന് കേന്ദ്രീകൃത വാങ്ങൽ സംവിധാനങ്ങളുണ്ട്. വകുപ്പിൽ നിന്നും മരുന്ന് ലഭ്യമല്ലാതെ വരുന്ന സന്ദർഭങ്ങളിൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രം മരുന്ന് വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്. മരുന്നിനായി മുൻകൂറായി തുക അനുവദിക്കുമ്പോൾ സ്ഥാപനവുമായി കരാറിലേർപ്പെടേണ്ടതും, നിശ്ചിത സമയത്ത് തന്നെ മരുന്ന് ലഭ്യമാക്കി രോഗികൾക്ക് മരുന്ന് ലഭ്യമാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-8 പുതിയതുറ ഫിഷ് ലാന്റിംഗ് സെന്റർ - പ്രവർത്തനം ഇതുവരെ ആരംഭിച്ചിട്ടില്ല – പഞ്ചായത്തിനു വരുമാനനഷ്ടം.

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന 90 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച പുതിയതുറ ഫിഷ് ലാന്റിംഗ് സെന്റർ 03.10.2013-ൽ പഞ്ചായത്തിനു കൈമാറിയിരുന്നു. എന്നാൽ നാളിതുവരെയും പ്രസ്തുത സെന്റർ പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഈ വിഷയം സംബന്ധിച്ച് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ പഞ്ചായത്തിൽ 22.04.2016ൽ കത്ത് നൽകിയിട്ടുള്ളതാണ്.

ഫിഷ് ലാന്റിംഗ് സെന്റർ കൈമാറിയിട്ട് 3 വർഷം കഴിഞ്ഞിട്ടും പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിൽ പ്രസ്തുത ഫിഷ് ലാന്റിംഗ് സെന്ററിന്റെ 2014-15 വർഷത്തേക്കുള്ള ലേലം 29.03.2014, 17.05.2014 എന്നീ തീയതികളിൽ നടത്തിയിട്ടുള്ളതും എന്നാൽ ആരും തന്നെ ഈ ലേലത്തിൽ പങ്കെടുക്കുകയുണ്ടായില്ലെന്നും ഇതു സംബന്ധിച്ച് ക്വട്ടേഷൻ വിളിച്ചതിൽ ശ്രീമതി. ക്ലാരമ്മ എന്ന വ്യക്തി സമർപ്പിച്ച ക്വട്ടേഷൻ പഞ്ചായത്ത് അംഗീകരിച്ചുവെങ്കിലും ക്വട്ടേഷൻ നേടിയയാൾ ഇതുവരെയും എഗ്രിമെന്റ് വയ്ക്കുവാൻ തയ്യാറാക്കിയിട്ടില്ല എന്നും മറുപടി നൽകി.

ഫിഷ് ലാന്റിംഗ് സെന്ററിന്റെ ലേലം കൊള്ളാൻ വൈകുന്നതു കാരണം പഞ്ചായത്തിനു ഇതിന്റെ ലേല തുക ഇനത്തിലും, വാഹന ഫീസ്, ഫ്രീസർ, ലാട്രിൻ, ലേലം എന്നീ ഇനത്തിലും നല്ലൊരു തുക വർഷാവർഷം നേടുവാൻ കഴിയുന്നില്ല.

മറ്റൊരുവശം ടി സൗകര്യം ലേലം കൊള്ളാത്തതിനാൽ ആയതിന്റെ നിർമ്മാണവും ലൊക്കേഷനു ശരിയായ രീതിയിലും സ്ഥാനത്തുമാണോ നടത്തിയിട്ടുള്ളത് എന്ന് ആശങ്കപ്പെടേണ്ടിയിരിക്കുന്നു. ആയതിനാൽ ശരിയായ രീതിയിൽ പ്ലാനിംഗ് നടത്തിയിട്ടല്ല ടി ഫിഷ് ലാന്റിംഗ് സെന്റർ സ്ഥാപിച്ചിട്ടുള്ളത് എന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു.

## 3-9 തൊഴിൽ രഹിതവേതനം പ്രായപരിധി കഴിഞ്ഞവർക്കും നൽകി.തുക തിരികെ ഈടാക്കണം - 3600/- രൂപ

സർക്കാർ ഉത്തരവ് (അച്ചടി) നം. 23/98/തൊഴിൽ തീയതി 28.05.1998 പ്രകാരം പുറപ്പെടുവിച്ച തൊഴിൽ രഹിതവേതന ചട്ടങ്ങൾ പ്രകാരം 18നും 35നും മധ്യേ പ്രായമുള്ള തൊഴിൽ രഹിതരായ യുവതീ യുവാക്കൾക്കാണ് തൊഴിൽ രഹിത വേതനത്തിന് അർഹതയുള്ളത്. എന്നാൽ ചുവടെ

പറയുന്ന വ്യക്തികൾക്ക് മേൽ പ്രായപരിധി കഴിഞ്ഞും വേതനം നൽകിയിരിക്കുന്നു.

| ക്രമ നം | പേരും മേൽവിലാസവും | റോൾ നം. | ജനന തീയതി | വേതനം നൽകേണ്ടത് | വേതനം നൽകിയത് | അധികമായി നൽകിയ തുക |
|---|---|---|---|---|---|---|
| 1 | ഗേളി.പി, ചെക്കിട്ട തെക്കേകര, പുതിയതുറ പി.ഒ. | 819 | 20.04.79 | 30.04.14 വരെ | 31.08.14 വരെ | 480 |
| 2 | ബിജു. ആർ, വാറുവിള പുത്തൻവീട്, കരുംകുളം, പുതിയതുറ പി.ഒ. | 864 | 10.04.76 | 30.04.11 വരെ | 30.11.14 വരെ | 840 |
| 3 | സജിത ബി, കാർത്തി, കരുംകുളം, പുതിയതുറ പി.ഒ. | 881 | 18.02.76 | 28.02.11 വരെ | 31.03.11 വരെ | 120 |
| 4 | എസ്.എസ്. ജഗദീഷ്, പ്ലാക്കോട്ടുവിളാകം, കരുംകുളം, പുതിയതുറ.പി.ഒ. | 664 | 31.05.81 | 31.05.16 വരെ | 31.07.16 വരെ | 240 |
| 5 | സുജ എ.എസ്., നമ്പ്യാതി വീട്, കരുംകുളം, പുതിയതുറ പി.ഒ. | 699 | 30.05.80 | 31.05.15 വരെ | 30.06.15 വരെ | 120 |
| 6 | ഉഷ സി, കിണറ്റടി വിളാകം, പുല്ലുവിള | 805 | 20.05.75 | 31.05.10 വരെ | 31.12.10 വരെ | 120 |
| 7 | ബിനി. എസ്, പരുത്തുപാറ വീട്, പുതിയതുറ പി.ഒ. | 504 | 20.04.75 | 30.04.10 വരെ | 31.07.10 വരെ | 360 |
| 8 | രഞ്ജിനി, ലക്ഷ്മി ഭവൻ, പിള്ളവിളാകം, പുതിയതുറ പി.ഒ. | 509 | 21.05.74 | 31.05.09 വരെ | 31.10.09 വരെ | 600 |
| **ആകെ** | | | | | | **3600** |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20/15-16 തീയതി.11.11.16) അധികമായി നൽകിയ തുക തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകി. തുക തിരികെ ഈടാക്കി ഒടുക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 3-10 കാലിതൊഴുത്ത് നിർമ്മാണത്തിന് സബ്സിഡി നൽകിയതിലെ അപാകതകൾ.

പദ്ധതി നം. - എസ്.055/2016

അടങ്കൽ തുക - 3,00,000/- രൂപ

നിർവഹണാധികാരി - വെറ്റിനറി സർജൻ

സർക്കാർ ഉത്തരവ് (കൈയെഴുത്ത്)നം.362/2013 തസ്വഭവ.തീയതി 16.11.2013 പ്രകാരം പുറപ്പെടുവിച്ച മൃഗസംരക്ഷണം, ക്ഷീരവികസനം സബ്സിഡി മാർഗ്ഗരേഖയിലെ ക്രമനം 7 പ്രകാരം പുതിയ തൊഴുത്ത് നിർമ്മാണത്തിന് 10,000/- രൂപ വീതം സബ്സിഡി അനുവദിച്ചിട്ടുണ്ട്. ഇതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1) കുടുംബവാർഷിക വരുമാനം 50,000/-രൂപയിൽ കവിയരുത്.

2) എസ്റ്റിമേറ്റ് ഉണ്ടായിരിക്കണം.

3) തദ്ദേശ സ്വയംഭരണ എഞ്ചിനീയർ വാല്യുവേഷൻ എടുക്കണം.

4) കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ഇതേ സർവേ നമ്പറിൽ ഇതേ പുരയിടത്തിൽ തൊഴുത്ത് നിർമ്മിക്കുന്നതിന്
ധനസഹായം നൽകിയിട്ടില്ലായെന്ന് വെറ്റിനറി സർജൻ സാക്ഷ്യപ്പെടുത്തണം.
എന്നാൽ പദ്ധതി ഫയൽ (നം. രേഖപ്പെടുത്തിയിട്ടില്ല) പരിശോധിച്ചതിലും, സ്ഥലപരിശോധനയിലും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) പെൻഷണറായ ശ്രീ. ഡി. ബാബു, കുത്തതിൽ വിളാകത്ത് വീട്, കരുംകുളം, പുല്ലുവിള.പി.ഒ. - വാർഡ് നം.2 (റിട്ട. കെ.എസ്.ആർ.ടി.സി. ജീവനക്കാരൻ) എന്നയാൾക്കും സബ്സിഡി നൽകിയിരിക്കുന്നു. (ഡി.ഡി. നം.823391/ 18.01.2016)

2) എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല

സ്ഥലപരിശോധനയിൽ കണ്ട അപാകതകളും ക്രമക്കേടുകളും ചുവടെ ചേർക്കുന്നു.

എ) സബ്സിഡി വാങ്ങിയവർ നിലവിൽ പശു വളർത്തുന്നില്ല. (ഉദാ- ശ്രീ. ബാബു കെ, വേലി കെട്ടിയ വിളാകം, കരുംകുളം, വാർഡ് 5)

ബി) തൊഴുത്ത് വിറകുപുരയായി ഉപയോഗിക്കുന്നു. (ശ്രീമതി. സുജ എസ്, ചെന്ന നിന്ന മേലേ തട്ട് വിളാകം, പുതിയതുറ, പുല്ലുവിള – വാർഡ് 2) പശുവിനു പകരം കിടാരിയെയാണ് വളർത്തുന്നത്.

സി) തൊഴുത്തിനു മേൽക്കൂര നിർമ്മിച്ചിട്ടില്ല. പകരം ടാർപോളിൻ ഇട്ട് മൂടിയിരിക്കുന്നു. (ശ്രീ. മഹേഷ് എം.വി., അങ്കോൽക്കാട്, പുതിയതുറ പി.ഒ., വാർഡ് 4)

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 23/15-16 തീയതി 14.11.2016) മറുപടി ലഭ്യമാക്കിയില്ല. മാർഗ്ഗരേഖ ലംഘിച്ച് മേൽപ്രകാരം ശ്രീ.ഡി.ബാബു, കുത്തതിൽ വിളാകത്ത് വീട് എന്നയാൾക്ക് സബ്സിഡി നൽകാൻ ശുപാർശ ചെയ്തിരിക്കുന്നത് വർക്കിംഗ് ഗ്രൂപ്പ് ചെയർമാൻ (മൃഗ സംരക്ഷണം) ശ്രീ.ഡള്ളസ് വറീത് (14-ാം വാർഡ് മെമ്പർ), ഗുണഭോക്താവ് ഉൾപ്പെടുന്ന വാർഡ് മെമ്പർ ശ്രീമതി. അൽബീനാ റോബിൻസൺ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപഴ്സൺ ശ്രീമതി. പ്രഭ അസുന്ത, വെറ്റിനറി സർജൻ ഡോ.ബിജേഷ് എന്നിവരടങ്ങിയ സമിതിയാണ്. ടിയാനു നൽകിയ സബ്സിഡി തുകയായ 10,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക മേൽ സൂചിപ്പിച്ച വ്യക്തികളിൽ നിന്നും തുല്യമായി ഈടാക്കി സർക്കാർ ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

സബ്സിഡി കൈപ്പറ്റിയ മുഴുവൻ ഗുണഭോക്താക്കളുടെയും ടി സംരംഭങ്ങൾ പരിശോധിച്ച് മേൽ അപാകതകൾ ഉള്ള പക്ഷം തുക തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 പത്രപരസ്യങ്ങൾ നൽകുന്നത് - കിഴിവ് വാങ്ങുന്നില്ല.

പത്രപരസ്യങ്ങൾ നൽകുന്നതുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) സർക്കാർ ഉത്തരവ് (ദിന) നം.1/2011 P&ARD തീയതി 04.01.2011 പ്രകാരം സർക്കാർ സ്ഥാപനങ്ങളിൽ നിന്നും എഡിഷൻ അടിസ്ഥാനത്തിൽ പ്രസിദ്ധീകരിക്കുന്നതിന് പരസ്യങ്ങൾ നേരിട്ട് നൽകിയാലും 15% കിഴിവ് അനുവദിയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ നിന്നും പത്ര പരസ്യം ചെയ്യുമ്പോൾ മേൽപ്രകാരം കിഴിവ് വാങ്ങുന്നില്ല.

2) സർക്കാർ ഉത്തരവ് (അച്ചടിച്ചത്)01/04 I&PR, തീയതി 01.01.2004 പ്രകാരം ദർഘാസ് പരസ്യങ്ങളിലെ അടിസ്ഥാന വിവരങ്ങൾ മാത്രം ഉൾക്കൊള്ളുന്ന വിൻഡോ പരസ്യങ്ങൾ പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നതും അവയുടെ പൂർണ്ണ രൂപം അതേ സമയം സർക്കാർ വെബ്സൈറ്റിൽ ലഭ്യമാകുന്നതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും അപ്രകാരവും ചെയ്യുന്നില്ല.

3) സർക്കുലേഷൻ കുറഞ്ഞ പത്രങ്ങളിലാണ് പരസ്യങ്ങൾ പ്രസിദ്ധീകരിച്ചിരിക്കുന്നത്. ഇക്കാരണത്താൽ പ്രസ്തുത പരസ്യങ്ങൾ എല്ലാവരിലും എത്താനുള്ള സാധ്യത കുറയുന്നു.

പത്രപരസ്യം നൽകുമ്പോൾ മേൽ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 3-12 കൃഷി ഓഫീസറുടെ വാങ്ങലുകൾ - സ്റ്റോക്ക് വിവരം ശരിയായി രേഖപ്പെടുത്തുന്നില്ല

കൃഷി ഓഫീസർ വാങ്ങുന്ന വൃക്ഷതൈകൾ, മറ്റു സാധനങ്ങൾ എന്നിവ ശരിയായി സ്റ്റോക്കിലെടുത്ത് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. അപാകതകൾ ചുവടെ.

1) രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചു മാറ്റി പുതിയവ വച്ച് പിടിപ്പിക്കുന്നതിന് വാങ്ങിയ തൈകൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും അവയുടെ വിതരണ വിവരം രേഖപ്പെടുത്തിയിട്ടില്ല.

2) സ്റ്റോക്കിലെടുത്ത വിവരം (സ്റ്റോക്ക് രജിസ്റ്ററിന്റെ എത്രാമത്തെ പേജിൽ എഴുതി ചേർത്തു എന്നത്) അവ വാങ്ങുമ്പോൾ ലഭിക്കുന്ന രസീതിൽ സാക്ഷ്യപ്പെടുത്തൽ വരുത്തി കൃഷി ഓഫീസർ ഒപ്പ് രേഖപ്പെടുത്തുന്നില്ല.

3) സ്റ്റോർ പർച്ചേസ് മാന്വലിലെ (സർക്കാർ ഉത്തരവ് (അച്ചടിച്ചത്) നം.3/2013/ SPD തീയതി 21.06.2013 പ്രകാരം പുറപ്പെടുവിച്ചത്) ഖണ്ഡിക 9.22, 9.24, 9.25, 9.46, 9.47 എന്നീ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഗ്രോബാഗ്, വെർമി കമ്പോസ്റ്റ് എന്നിവ RAIDCO എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങിയിരിക്കുന്നു.

സ്റ്റോക്ക് വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തേണ്ടതും, സാധനങ്ങൾ വാങ്ങുമ്പോൾ സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾ പാലിക്കേണ്ടതുമാണ്.

## 3-13 സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കിയത് വേനൽക്കാലത്ത് - പദ്ധതി പരാജയം

ജില്ലാ - ബ്ലോക്ക് - ഗ്രാമപഞ്ചായത്തുകൾ ചേർന്ന് സംയുക്തമായി നടപ്പിലാക്കിയ പദ്ധതിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 07.01.2016 ലെ 5-ാം നം തീരുമാനം പ്രകാരം പഞ്ചായത്തു വിഹിതമായി 2,78,750/- രൂപ വകയിരുത്തി. ഇത് 50 യൂണിറ്റ് <u>(5നും 20നും ഇടയ്ക്ക് അംഗങ്ങളുള്ള</u> ചേർന്നതാണ് ഒരു യൂണിറ്റ്) നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിരുന്നത്. 24.02.2016 ലെ പഞ്ചായത്തു കമ്മിറ്റിയുടെ സാധാരണ മീറ്റിംഗിലെ 1(2)-ാം നം തീരുമാനം പ്രകാരം എസ്.0185/16-ാം നമ്പർ പദ്ധതിയ്ക്ക് ഗുണഭോക്താക്കളെ അംഗീകരിക്കുന്നതിനായി ഗ്രാമസഭ വിളിച്ചുചേർക്കുന്നതിന് സമയപരിധി തടസ്സമാകുമെന്നതിനാൽ താത്കാലിക ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ച് നിർവഹണത്തിനായി ജില്ലാപഞ്ചായത്തിന് കൈമാറുന്നതിന് അടുത്ത ഗ്രാമസഭയിൽ ലിസ്റ്റിന് സാധൂകരണം നൽകാനും തീരുമാനിച്ചിരുന്നു. എന്നാൽ ഈ സമയം കടുത്ത വേനൽക്കാലവും ജല ദൗർലഭ്യവുമുള്ള സമയമായിരുന്നതിനാൽ

വേണ്ടത്ര ഗുണഭോക്താക്കളെ ലഭിക്കാതെ വരികയും 8 യൂണിറ്റുകൾ മാത്രം നടപ്പിലാക്കുകയും ചെയ്തു. ഇതിനായി ആകെ 31,800/- രൂപ മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.6/2015-16 തീയതി 08.11.2016) കടുത്തവേനലായതിനാലും, ജല ദൗർലഭ്യമുണ്ടായിരുന്നതിനാലും കൃഷിക്ക് സൗകര്യമുള്ള 8 യൂണിറ്റുകൾ മാത്രമാണ് നടപ്പിലാക്കാനായതെന്ന് കൃഷി ഓഫീസർ മറുപടി നൽകി.

പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ സാധ്യതാ പഠനം നടത്തി വേണ്ടത്ര മുൻകൂട്ടി തയ്യാറെടുപ്പുകൾ നടത്തേണ്ടതാണ്.

## 3-14 വൗച്ചറുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

വൗച്ചറുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) എല്ലാ വൗച്ചറുകളിലും തുക നൽകിയ ചെക്ക് നമ്പറും, തീയതിയും രേഖപ്പെടുത്തുന്നില്ല.

2) ബില്ലുകൾ റദ്ദ് ചെയ്ത് പാസ് ഓർഡർ രേഖപ്പെടുത്തി സെക്രട്ടറി ഒപ്പ് രേഖപ്പെടുത്തുന്നില്ല.

3) വിവിധ സാധനങ്ങൾ വാങ്ങുന്നത് സ്റ്റോക്കിലെടുത്ത വിവരം ബില്ലുകളിൽ രേഖപ്പെടുത്തി സെക്രട്ടറി ഒപ്പ്
രേഖപ്പെടുത്തുന്നില്ല.

അപാകതകൾ പരിഹരിച്ച് വൗച്ചറുകൾ കുറ്റമറ്റ രീതിയിൽ സൂക്ഷിക്കേണ്ടതാണ്.

## 3-15 വിവിധ ക്ഷേമപെൻഷനുകൾ അനുവദിയ്ക്കുന്നത്- നടപടിക്രമങ്ങൾ പാലിയ്ക്കുന്നില്ല

വിവിധ ക്ഷേമപെൻഷനുകൾ അനുവദിയ്ക്കുന്നതിന് നടപടിക്രമങ്ങൾ പാലിക്കുന്നില്ല. അപാകതകൾ ചുവടെ.

1) തെരഞ്ഞെടുക്കപ്പെടുന്നവരുടെ പേര് വിവരം നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുകയും ഗ്രാമസഭയിൽ വെളിപ്പെടുത്തി അംഗങ്ങളുടെ അഭിപ്രായം കണക്കിലെടുക്കുകയും ചെയ്യുന്നില്ല.

2) പെൻഷണർ ജീവിച്ചിരിപ്പുണ്ടോ എന്നും മറ്റു വരുമാന മാർഗ്ഗങ്ങൾ ലഭിക്കുന്നുണ്ടോ എന്നുമുള്ള വിവരങ്ങൾ എല്ലാ ഏപ്രിൽ മാസങ്ങളിലും സെക്രട്ടറി പരിശോധിച്ച് മെയ് 15 നകം ജില്ലാകലക്ടർക്ക് അന്വേഷണ റിപ്പോർട്ട് കൈമാറിയിട്ടില്ല.

3) ജനനതീയതി, ലാൻഡ് മാർക്ക് (വീട് സ്ഥിതി ചെയ്യുന്ന സ്ഥലത്തെ പ്രധാന അടയാളം), മറ്റ് വിവരങ്ങൾ തുടങ്ങിയവ പൂരിപ്പിക്കാതെയും, ഫോട്ടോ പതിപ്പിക്കാതെയും ലഭിക്കുന്ന അപേക്ഷകളും അംഗീകരിച്ച് പെൻഷൻ പാസ്സാക്കിയിരിക്കുന്നു.

4) പെൻഷൻ പാസ്സാക്കുന്ന കമ്മിറ്റി തീരുമാന നമ്പറും തീയതിയും രേഖപ്പെടുത്തി അപേക്ഷകൾ അംഗീകരിച്ച് സെക്രട്ടറി ഒപ്പ് വച്ചിട്ടില്ല.

5) പെൻഷൻ നൽകാൻ ശുപാർശ ചെയ്യുന്ന അന്വേഷണ ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരുമുള്ള ഔദ്യോഗിക മുദ്രകൾ പതിപ്പിച്ചിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20/15-16 തീയതി 11.11.2016) യ്ക്ക് മേൽ അപാകതകൾ പരിഹരിയ്ക്കാമെന്ന് സെക്രട്ടറി രേഖാമൂലം മറുപടി നൽകിയിട്ടുണ്ട്. ക്ഷേമ പെൻഷനുകൾ അനുവദിയ്ക്കുന്നതിൽ നടപടിക്രമങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

## 3-16 പഞ്ചായത്ത് വാഹനം പൊതുമേഖലാ സ്ഥാപനത്തിൽ ഇൻഷ്വർ ചെയ്തു -സർക്കാരിന് നഷ്ടം 12,380/- രൂപ

പഞ്ചായത്തു വാഹനമായ KL 20 E 9741 ബൊലേറോ കാർ ന്യൂ ഇൻഡ്യാ അഷ്വറൻസ് കമ്പനിയിൽ ഇൻഷ്വർ ചെയ്തിരിക്കുന്നു. (വൗച്ചർ നം. 967/15-16 ചെക്ക് നം.494035/16.03.16 തുക 12380/- രൂപ)

സർക്കാർ സ്വയംഭരണ സ്ഥാപനങ്ങളിലെ വാഹനങ്ങൾ കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിലാണ് ഇൻഷ്വർ ചെയ്യേണ്ടത്. ആകയാൽ ടി വാഹനത്തിന്റെ തുടർന്നുള്ള ഇൻഷ്വറൻസ് പുതുക്കലുകൾ ടി വകുപ്പ് വഴി തന്നെ ചെയ്യേണ്ടതാണ്.

## 3-17 വാഹന പരിപാലനം - വീഴ്ചകളും ക്രമക്കേടുകളും

പഞ്ചായത്ത് വാഹനമായ KL 20 E 9741 ബൊലേറോ കാറിന്റെ പരിപാലനം സംബന്ധിച്ച നടപടിക്രമത്തിലെ വീഴ്ചകളും അപാകതകളും താഴെ പറയുന്നു.

1) സർക്കാർ ഉത്തരവ്(ദിന)നം.582/75/പൊ.വ.തീയതി.5.5.1975 അനുശാസിക്കും വിധം വർഷത്തിലൊരിക്കൽ ഇന്ധനക്ഷമതാ പരിശോധന നടത്തിയിട്ടില്ല. (അവസാനമായി ഇന്ധനക്ഷമതാ പരിശോധിച്ചത് 19.11.2014 ലാണ്).

2) 19.11.2014 ലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മെക്കാനിക്കൽ സബ് ഡിവിഷൻ, പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരത്തിന്റെ മേൽ സാക്ഷ്യപത്രം പ്രകാരം വാഹനത്തിന്റെ ഇന്ധനക്ഷമത 10.5 കി.മീ./ലി ആണ്. വാഹനത്തിൽ ഇന്ധനം നിറയ്ക്കുന്ന/വാങ്ങുന്ന ഡീസൽ ബില്ലുകളിൽ "ഹൈ സ്പീഡി ഡീസൽ" എന്ന് രേഖപ്പെടുത്തി കൂടുതൽ തുക പമ്പിൽ നൽകിയിട്ടുണ്ട്. എന്നാൽ വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ ഹൈസ്പീഡ് ഡീസൽ നിറയ്ക്കുമ്പോൾ ലഭിക്കേണ്ട അധിക ഇന്ധനക്ഷമത ലഭിക്കുന്നില്ല. പകരം മേൽ പ്രകാരം 10.5 കി.മീ./ലി എന്ന തോതിലാണ് ഇന്ധനക്ഷമത ലഭിച്ചിട്ടുള്ളത്. ഇന്ധനം നിറയ്ക്കുന്നത് കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറിയോ, സെക്രട്ടറി നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥന്റെയോ സാന്നിദ്ധ്യത്തിലല്ല.

സ.ഉ. (കൈയെഴുത്ത്) നം. 170/07 തസ്വഭവ തീയതി 30.06.2007-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് പ്രകാരം വാഹനത്തിൽ ഫുൾടാങ്ക് ഇന്ധനം നിറയ്ക്കുന്നില്ല. പകരം 500/- രൂപ, 1500/-രൂപ, 1000/-രൂപ, 2000/-രൂപ എന്നിങ്ങനെയുള്ള തുകകൾക്കാണ് ഡീസൽ നിറച്ചിട്ടുള്ളത്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.25/2015-16 തീയതി 14.11.2016) അപാകതകൾ പരിഹരിക്കാമെന്ന് മറുപടി ലഭിച്ചു. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് വാഹന പരിപാലനം നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-18 പഞ്ചായത്ത് കിണറിൽ ഓയിൽ കലർന്നതിനെ തുടർന്ന് ശുദ്ധീകരിച്ചത് - അന്വേഷണം നടത്തിയിട്ടില്ല – ചെലവ് 9,842/- രൂപ

പഞ്ചായത്ത് കമ്മിറ്റിയുടെ 3/24-12-2016 ലെ 4(16) -ാം നമ്പർ തീരുമാനം പ്രകാരം ഉരിയരിക്കുന്ന് XIII- ാം വാർഡിലെ കിണറിൽ ഓയിൽ കലർന്നതിനാൽ വൃത്തിയാക്കിയതിന് 9842/-രൂപ ചെലവഴിച്ചിട്ടുണ്ട്. (വൗച്ചർ നം. 973/15-16, ചെക്ക് നമ്പറും തീയതിയും 532454/18.03.2016). കിണറിൽ ഓയിൽ വീഴാനിടയായ സാഹചര്യം അന്വേഷിച്ചിട്ടുണ്ടോയെന്നും ഇതു സംബന്ധിച്ച് പോലീസിൽ പരാതിപ്പെട്ടി ട്ടുണ്ടോ എന്നുമുള്ള വിവരങ്ങൾ ഓഡിറ്റ് എൻക്വയറി നം. 10/2015-16 പ്രകാരം ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഇതു സംബന്ധിച്ച് യാതൊരുവിധ അന്വേഷണം നടത്തുകയോ, പോലീസിൽ പരാതിപ്പെടുകയോ ചെയ്തിട്ടില്ലായെന്നാണ് സെക്രട്ടറി മറുപടി നൽകിയത്.

ഇത്തരം സാഹചര്യങ്ങളിൽ ആവശ്യമായ അന്വേഷണം നടത്തി ആവശ്യമു ണ്ടെങ്കിൽ നിയമപരമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-19 രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

*I.* അക്വിറ്റൻസ് രജിസ്റ്റർ

1) അക്വിറ്റൻസ് സെക്രട്ടറി പാസ്സാക്കി ഒപ്പ് രേഖപ്പെടുത്തുന്നില്ല.

2) 'checked in accordance with Rule no 434(d) of KTC Vol-I' എന്ന സാക്ഷ്യപത്രം രേഖപ്പെടുത്തുന്നില്ല.

3) ഓരോ ദിവസത്തെ തുകയും (രേഖപ്പെടുത്തിയതും വിതരണം ചെയ്തതും) കൂട്ടി എഴുതുന്നില്ല.

4) എല്ലാ ജീവനക്കാരും ഒപ്പിനോടൊപ്പം തീയതിയും രേഖപ്പെടുത്തുന്നില്ല.

*II* . തൊഴിൽ രഹിത വേതന വിതരണത്തിനുള്ള അക്വിറ്റൻസ്

ഗുണഭോക്താക്കളുടെ ജനനതീയതി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | റോൾ നം. | പേര് |
|---|---|---|
| 1 | 721 | ശ്രീമതി.ജയന്തി |
| 2 | 789 | ശ്രീമതി.സരോജം.പി |
| 3 | 960 | ശ്രീമതി.റീന.എസ് |
| 4 | 1054 | ശ്രീമതി.പ്രിൻസി മോൾ |
| 5 | 1158 | ശ്രീമതി.സരിത.എസ് |

1) കാലാവധി അവസാനിയ്ക്കുന്ന തീയതി/മാസം രേഖപ്പെടുത്തിയിട്ടില്ല.

2) വേതനം നല്കുന്നതിനുള്ള കാലാവധി അവസാനിച്ച വ്യക്തികളുടെ പേജിന്റെ ബാക്കി ഭാഗവും വേതനം വാങ്ങാത്തവരുടെ ബാക്കി ഭാഗവും റദ്ദ് ചെയ്തിട്ടില്ല.

3) ഗുണഭോക്താക്കളുടെ ഒപ്പിൽ തീയതി രേഖപ്പെടുത്തുന്നില്ല.

രജിസ്റ്ററുകളിൽ എല്ലാ വിവരങ്ങളും ചേർത്ത് കുറ്റമറ്റ രീതിയിൽ പരിപാലിക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| കെ.എസ്. ഇ.ബി. | പോസ്റ്റ് ഷിഫ്റ്റിംഗ്, സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ | 24202 | 52350 | 52350 | പൂർത്തിയായി | ഇല്ല |
| കെ.എസ്. ഇ.ബി. | പോസ്റ്റ് ഷിഫ്റ്റിംഗ്, സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ | 494029 | 15869 | 15869 | പൂർത്തിയായി | ഇല്ല |
| പി.ഡബ്ല്യു. ഡി. (ഇ.ഡബ്ല്യു.) | അംഗൻവാടി വൈദ്യുതീകരണം | 85123 | 13900 | 131302 | പൂർത്തിയായി | 7698 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ലോൺ | സ.ഉ.(സാധാ) നം.207/2010/ തസ്വഭവ തീയതി. | 14250000 | 5714749 | 2733019 | | 2981730 |

| | | | | | | |
|---|---|---|---|---|---|---|
| | 20.01.2010 | | | | | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./ തീയതി |
|---|---|---|---|---|
| 2005-06 | 2(4)(3) | 450 | ശ്രീ.പദ്മകുമാർ.എ).ജി. | 11504100063 / 07.04.2015 |
| 2003-04 | 2.2(എ) | 88 | കുമാരി കവിത | 11504103007 / 09.11.2015 |
| 2003-04 | 2.2(എ) | 469 | ശ്രീ.പദ്മകുമാർ | 11504103008 / 09.11.2015 |
| 2003-04 | 2.2(എ) | 579 | ധനേഷ് | 11504103009 / 09.11.2015 |
| 2004-05 | 2.2 | 947 | രാമചന്ദ്രൻ.കെ | 11504103010 / 09.11.2015 |
| 2004-05 | 3.3 | 1180 | തങ്കം, ഹെഡ് ക്ലർക്ക് | 11504103011 / 09.11.2015 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡിക കളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2012-13 | 2.4 | 2012-13 | - | ഫ്രണ്ട് ഓഫീസ് | ഉത്തരവ് പ്രകാരം പ്രവർത്തിക്കുന്നു. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 7,65,28,385/- (മുന്നിരിപ്പ് ഉൾപ്പെടെ) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 6,19,34,582/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 4,81,698/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1232363/- |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായതുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും, |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 4,71,698 | 10.07.14 ലെ യോഗത്തിൽ പങ്കെടുത്ത ഭരണസമിതി അംഗങ്ങൾ |
| 3-11 | - | 10,000 | ശ്രീ.ഡള്ളസ് വറീത്, ഭരണസമിതിയംഗം,<br>ശ്രീമതി.അൽബീനാ റോബിൻസൺ,<br>ഭരണസമിതിയംഗം<br>ശ്രീമതി.പ്രഭ അസുന്ത, ഭരണസമിതിയംഗം<br>ഡോ.ബിജേഷ്, വെറ്റിനറി സർജൻ |

| | | | |
|---|---|---|---|
| | | | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 50,000 | അഭിലാഷ് എം. എ., വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 3-5 | 2,99,978 | കെ.പി. മേരി ഇനിഗോ, സെക്രട്ടറി |
| 3-6 | 5,84,443 | അഭിലാഷ് എം. എ., വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 3-7 (എ) | 45,318 | ഡോ. സദാശിവൻ, മെഡിക്കൽ ഓഫീസർ |
| 3-7 (ബി) | 97,624 | ഡോ. സദാശിവൻ, മെഡിക്കൽ ഓഫീസർ |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അൽബീന റോബിൻസൺ, ഭരണസമിതിയംഗം | | കുട്ടിവിളാകം, പുല്ലുവിള, പുല്ലുവിള പി.ഒ. 695526 |
| വി.ശശിധരൻ, | | വേലി കെട്ടിയ വിളാകം, |

| | | |
|---|---|---|
| ഭരണസമിതിയംഗം | | കരുംകുളം,<br><br>പുതിയതുറ പി.ഒ., 695526 |
| പ്രഭ അസുന്ത, ഭരണസമിതിയംഗം | | വലിയവിളാകം പുരയിടം, കൊച്ചുതുറ, പുതിയതുറ പി.ഒ., 695526 |
| സ്മിത ആൻഡ്രൂസ്, ഭരണസമിതിയംഗം | | യാഗകോട്ടേജ്, പഴയതുറപുരയിടം,<br><br>പുല്ലുവിള പി.ഒ., 695526 |
| ബി.മധു.,ഭരണസമിതിയംഗം | | |
| ജയകുമാരി.വൈ, ഭരണസമിതിയംഗം | | മുതുപുരയിടം, കരുംകുളം, പുതിയതുറ പി.ഒ, 695526 |
| ഗ്ലേവിയസ് അലക്സാണ്ടർ, ഭരണസമിതിയംഗം | | |
| വിൻസെൻറ് സെബാസ്റ്റ്യൻ, ഭരണസമിതിയംഗം | | പി.പി. വിളാകം, പുല്ലുവിള, പുല്ലുവിള പി.ഒ., 695526 |
| രാജു.വി, ഭരണസമിതിയംഗം | | ഉരിയരിക്കുന്ന് പുരയിടം, പുതിയതുറ,<br><br>പുല്ലുവിള പി.ഒ., 695526 |
| മോണിക്ക യോഹന്നാൻ, ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് | | ദിപു ഹൗസ്, പറമ്പ് പുരയിടം, പുല്ലുവിള പി.ഒ., 695526 |
| ജനറ്റ് യേശുദാസൻ, ഭരണസമിതിയംഗം | | വാറുതട്ടു പുരയിടം, പുതിയതുറ, പുതിയതുറ പി.ഒ., 695526 |
| വത്സല എസ്, ഭരണസമിതിയംഗം | | അങ്കോൽക്കാട് വീട്, പാമ്പുകാല, പുതിയതുറ പി.ഒ., 695526 |
| ഡെല്ലസ്.വി, ഭരണസമിതിയംഗം | | അരത്തൻ തൈ പുരയിടം, പള്ളം, പുല്ലുവിള പി.ഒ, 695526 |
| കുരിശമ്മ മര്യനായകം, ഭരണസമിതിയംഗം | | തുറിയടി തെക്കേകര, കരുംകുളം, പുതിയതുറ പി.ഒ., 695526 |
| ഡോ.ബിജേഷ്,<br><br>വെറ്റിനറി സർജൻ | | സൽമനം, മണ്ണക്കൽ, പഴയകട, തിരുപുറം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 | എൽ.എഫ്.റ്റി.ഡി.പി.ജി.പി.3/392/2008 തീയതി 30.07.2014 | 4 | |
| 1998-99 | എൽ.എഫ്.റ്റി.ഡി.പി.ജി.പി.3/934/2001 തീയതി 31.07.2014 | 4 | |
| 1999-00 | എൽ.എഫ്.റ്റി.ഡി.പി.ജി.പി.3/934/2001 തീയതി 30.07.2014 | 12 | |
| 2000-01 | എൽ.എഫ്.റ്റി.ഡി.പി.ജി.പി.552(1)/2003 തീയതി 30.09.2014 | 8 | |
| 2001-02 | എൽ.എഫ്.റ്റി.ഡി.പി.ജി.പി.3/552 /11/2004 തീയതി 30.07.2014 | 13 | |
| 2002-03 | എൽ.എഫ്.റ്റി.ഡി.പി.ജി.പി.3/289/08 തീയതി 30.07.2014 | 3 | |
| 2003-04 | എൽ.എഫ്.റ്റി.ഡി.പി.ജി.പി.3/288/08 തീയതി 30.07.2014 | 3 | |
| 2004-05 | എൽ.എഫ്.റ്റി.ഡി.പി.ജി.പി.3/392/2008 തീയതി 30.07.2014 | 9 | |
| 2005-06 | എൽ.എഫ്.റ്റി.ഡി.പി.ജി.പി.3/146/2009 തീയതി 30.07.2014 | 9 | |
| 2006-07 | എൽ.എഫ്.റ്റി.ഡി.പി.ജി.പി.3/441/10 തീയതി 30.07.2014 | 5 | |
| 2007-08 | എൽ.എഫ്.റ്റി.ഡി.പി.ജി.പി.3/ 442/10 തീയതി 30.07.2014 | 7 | |

| | | | |
|---|---|---|---|
| 2008-09 | എൽ.എഫ്.റ്റി.ഡി.പി.ജി.പി.3/2244/11 തീയതി 30.07.2014 | 8 | |
| 2009-10 | എൽ.എഫ്.റ്റി.ഡി.പി.ജി.പി.3/2245/11 തീയതി 30.04.2014 | 9 | |
| 2010-11 | എൽ.എഫ്.റ്റി.ഡി.പി.ജി.പി.3/618/13 തീയതി 02.08.2013 | 20 | |
| 2011-12 | | | |
| 2012-13 | എൽ.എഫ്.റ്റി.ഡി.പി.ജി.പി.3/208/15 തീയതി 09.03.2015 | 13 | |
| 2013-14 | എൽ.എഫ്.റ്റി.ഡി.പി.ജി.പി.3/885/15 തീയതി 15.09.2015 | 28 | |
| 2014-15 | കെ.എസ്.എ. റ്റി.വി.എം.ജി.പി.3/ 1259/2016 തീയതി 20.07.2016 | 25 | |

ഒപ്പ്.

**ഡെപ്യൂട്ടി ഡയറക്ടർ,**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.**

എ.എൻ.13/12/16

**<u>അനുബന്ധം – 1</u>**

**<u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ **കരുംകുളം ഗ്രാമപഞ്ചായത്തിന്റെ 2015-16** വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ വിശദീകരിച്ചിട്ടുള്ളതും ചുവടെ ചൂണ്ടിക്കാണിച്ചിരിക്കുന്ന ന്യൂനതകളും ഒഴികെ എന്റെ അഭിപ്രായത്തിൽ **കരുംകുളം ഗ്രാമപഞ്ചായത്തിന്റെ** 2015-16 ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**<u>ന്യൂനതകളുടെ സംഗ്രഹം</u>**

1) എം.എൻ.ആർ.ഇ.ജി.എസ് പദ്ധതിയുടെ ഇ.എഫ്.എം.എസ്. വരവ് 1,55,83,636/- രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ 4,33,000/- രൂപ അധികമായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

2) സ്ഥാപനത്തിന്റെ ആസ്തികളുടെ പൂർണ്ണമൂല്യം വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല.

3) വർഷാന്ത്യ സ്റ്റോക്ക് മൂല്യം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഒപ്പ്.

**ഡെപ്യൂട്ടി ഡയറക്ടർ,**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**